ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ കമ്മിറ്റി

*10 [68] ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ ആന്റ് ബി) സംസ്ഥാനത്ത് പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനും വേണ്ടി സംസ്ഥാന വിനോദസഞ്ചാര-സംരക്ഷണ പരിപാലന കമ്മിറ്റി രൂപീകരിക്കുന്നതിന് 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് ഓർഡിനൻസിൽ വ്യക്തമാക്കിയിട്ടുണ്ട്.

അണക്കെട്ടുകളുടെ സുരക്ഷിതത്വം

*11 [69] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
,, കെ. വി. തോമസ്:
ശ്രീ. വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ എത്ര അണക്കെട്ടുകളുണ്ട്;

(ബി) ഇവയുടെ പഴക്കം എത്ര വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ സുരക്ഷിതത്വത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇവയുടെ സേഫ്റ്റി ആഡിറ്റ് നടത്താനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly